# Deepika

## 27 July 2018

## Kottayam; Flood Hit, Flood relief , Precautions



## ക്യാമ്പുകളിലും ജാഗ്രത വേണമെന്നു നിർദേശം

**കോട്ടയം:** പകർച്ചവ്യാധികൾക്കെതിരേ ജാഗ്രതയും, ദുരിതാശ്വാസ ക്യാമ്പ് പരിസരത്തു ശുചിത്വവും ഉറപ്പാക്കണം. കനത്ത മഴയെത്തുടർന്നു വെള്ളക്കെട്ടുണ്ടായ പ്രദേശങ്ങളിൽ പകർച്ചവ്യാധി പടരാൻ സാധ്യതയുള്ളതിനാൽ ക്യാമ്പുകളിൽ എല്ലാവരും നിർബന്ധമായും മുൻകരുതൽ എടുക്കണം. ക്യാമ്പ് പരിസരം വൃത്തിയായി സൂക്ഷിക്കാൻ എല്ലാവരും സഹകരിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജേക്കബ് വർഗീസ് അറിയിച്ചു.

1. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
2. ഭക്ഷണസാധനങ്ങൾ അടച്ചു സൂക്ഷിക്കുക
3. ആഹാരം കഴിക്കുന്നതിനു മുമ്പും പാചകം ചെയ്യുന്നതിനുമുമ്പും സോപ്പ് ഉപയോഗിച്ചു കൈകൾ നന്നായി കഴുകുക
4. ടോയ്‌ലറ്റിൽ പോയ ശേഷം സോപ്പ് ഉപയോഗിച്ചു കൈ കഴുകുക
5. കിണർ വെള്ളം ഉപയോഗിക്കുന്നവർ ക്യാമ്പുകളിൽനിന്നു വീടുകളിലേക്കു തിരികെ ചെല്ലുമ്പോൾ ആരോഗ്യപ്രവർത്തകരുടെ നിർദേശപ്രകാരം ക്ലോറിനേഷൻ നടത്തിയ ശേഷം മാത്രം വെള്ളം ഉപയോഗിക്കുക.
6. പൊതുസ്ഥലത്തു തുപ്പുന്നത് ഒഴിവാക്കുക
7. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മൂക്കും വായും മറയ്ക്കുക
8. പുകവലി ഉപേക്ഷിക്കുക
9. ഭക്ഷണാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും ചുറ്റുപാടും വലിച്ചെറിയരുത്.
10. പുറത്തു പോകുമ്പോഴും ടോയ്‌ലറ്റിൽ പോകുമ്പോഴും ചെരുപ്പ് ഉപയോഗിക്കുക

## ലക്ഷം രൂപ വീതം നൽകും: ഇന്ത്യ പ്രസ് ക്ലബ്

**കൊച്ചി:** വെള്ളപ്പൊക്ക ദുരിതം റിപ്പോർട്ട് ചെയ്യാൻ പോയി തോണി മറിഞ്ഞു മരിച്ച മാതൃഭൂമി ചാനൽ ലേഖകൻ സജിയുടെയും ഡ്രൈവർ ബിബിന്റെയും കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ഇന്ത്യ പ്രസ് ക്ലബ് നൽകുമെന്നു പ്രസിഡന്റ് മധു കൊട്ടാരക്കര, ജനറൽ സെക്രട്ടറി സുനിൽ തൈമറ്റം എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു. അനുശോചന യോഗത്തിൽ ട്രഷറർ സണ്ണി പൗലോസ്, ജയിംസ് വർഗീസ്, അനിൽ ആറന്മുള, ജീമോൻ ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

## കുട്ടനാട്ടിലെ വെള്ളപ്പൊക്കം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം: കാത്തലിക്ക് ഫെഡറേഷൻ

**കോട്ടയം:** അര നൂറ്റാണ്ടിനിടയിലുണ്ടായ ഏറ്റവും രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽ നട്ടം തിരിയുന്ന കുട്ടനാടൻ ജനതയ്ക്ക് ആശ്വാസമേകുന്നതിനായി കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തെ ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്നു കാത്തലിക്ക് ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് യോഗം കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു.

കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനും പട്ടിണിയിലായ കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിനും തയ്യാറാകണം. കൃഷി നഷ്ടപ്പെട്ടവർക്ക് ഏക്കർ ഒന്നിന് 50,000 രൂപ വീതം അടിയന്തര ധനസഹായം നൽകണം. ദുരിതാശ്വാസ ക്യാമ്പുകൾ വെള്ളപ്പൊക്കകെടുതി തീരുന്നതുവരെ നിർത്തലാക്കരുതെന്നും കാത്തലിക്ക് ഫെഡറഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു.

ദേശീയ പ്രസിഡന്റ് അഡ്വ പി.പി.ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. ആന്റണി മുഞ്ഞോലി, ജോസ് മാത്യു ആനിത്തോട്ടം, ശാലു തോമസ്, ജിജി പോരകശേരി, ഔസേപ്പച്ചൻ ചെറുകാട്, നൈനാൻ തോമസ് മുളപ്പൻമഠം, തോമാച്ചൻ വടുതല, ജോസ് പുതുമന എന്നിവർ പ്രസംഗിച്ചു.

മഴക്കെടുതി

## ജില്ലകൾക്കു പണം അനുവദിച്ചതിൽ വിവേചനമെന്ന പ്രചാരണം ശരിയല്ലെന്നു സർക്കാർ

**തിരുവനന്തപുരം:** മഴക്കെടുതി നേരിടാൻ വിവിധ ജില്ലകൾക്കു പണം അനുവദിച്ചതിൽ വിവേചനമുണ്ടെന്നും ചില ജില്ലകൾക്ക് അർഹമായതിൽ കൂടുതൽ പണം നൽകിയെന്നും ആരോപിച്ച് സമൂഹ മാധ്യമങ്ങളിൽ നടക്കുന്ന പ്രചാരണത്തിന് അടിസ്ഥാനമില്ലെന്നു മുഖ്യമന്ത്രിയുടെ ഓഫീസ് പത്രക്കുറിപ്പിൽ അറിയിച്ചു.

കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിൽ ദുരിതാശ്വാസത്തിന് ഓരോ ജില്ലയ്ക്കും അനുവദിച്ച തുക ചുവടെ: ജില്ല, തുക (കോടി)

തിരുവനന്തപുരം- 0.51, കൊല്ലം-1.16, പത്തനംതിട്ട- 0.52, ആലപ്പുഴ- 19.92, കോട്ടയം- 7.21, ഇടുക്കി- 1.96, എറണാകുളം- 4.37, തൃശൂർ-1.42, പാലക്കാട്- 7.61, മലപ്പുറം- 8.91, കോഴിക്കോട്- 1.84, വയനാട്- 1.82, കണ്ണൂർ- 3.81, കാസർഗോഡ്- 2.06. വെള്ളപ്പൊക്കത്തിൽ തകർന്ന റോഡ് നന്നാക്കുന്നതിനുള്ള ചെലവ് ഈ കണക്കിൽ പെടുന്നില്ല. മഴക്കെടുതി ഏറ്റവുമധികം ബാധിച്ച തെക്കൻ ജില്ലകൾക്ക് നൽകിയതിനേക്കാൾ കൂടുതൽ ധനസഹായം ചില വടക്കൻ ജില്ലകൾക്ക് നൽകിയെന്ന വ്യാഖ്യാനം തെറ്റാണെന്ന് ഈ കണക്കുകളിൽനിന്ന് വ്യക്തമാകുമെന്നു പത്രക്കുറിപ്പിൽ പറയുന്നു.